**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **15-03-2022 - ൽ മറുപടിയ്ക്ക്**

**ട്രാഫിക് നിയമ ലംഘനം മൂലമുണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **null<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ അമിത വേഗത്തിലും ട്രാഫിക് നിയമങ്ങൾ ലംഘിച്ചുകൊണ്ടും ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നത് മൂലം അപകടങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗം 24x7 എന്ന ക്രമത്തിൽ സംസ്ഥാനത്തുടനീളം റോഡ് നിരീക്ഷണവും കർശന വാഹന പരിശോധനയും നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിനായുള്ള പരീക്ഷകൾ കർശനമായി നടത്തുകയും, അതോടൊപ്പം തന്നെ റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്ന കൗമാര / യൗവന വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ബോധവൽക്കരണം നൽകുന്നതിനും, അത്തരം ആൾക്കാരെയും അവർ ഉപയോഗിക്കുന്ന അനധികൃത രൂപമാറ്റം വരുത്തിയ വാഹനങ്ങളേയും കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തിവരുന്നു. റോഡ് അപകടങ്ങൾ കൃത്യമായി വിശകലനം ചെയ്ത് കാരണം കണ്ടെത്തി പരിഹാരം കാണുന്നതിന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ അമിതവേഗത്തിലും, ട്രാഫിക് നിയമങ്ങൾ ലംഘിച്ചു കൊണ്ടും ഓടിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കെതിരെ നിരവധി നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ നിരത്തുകളിൽ അമിതവേഗത കണ്ടെത്തുന്നതിനും തക്കതായ നിയമനടപടി സ്വീകരിക്കുന്നതിനുമായി സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ച് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കൺട്രോൾ റൂമുകളിൽ നിന്നും കുറ്റക്കാർക്കെതിരെ ചെലാനുകൾ നൽകി നിയമ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അമിത വേഗതയിലും അപകടകരമായും ഓടിക്കുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിന് |

| | | | |
|---|---|---|---|
| | | | 03.08.2021 മുതൽ 09.08.2021 വരെയുള്ള കാലയളവിൽ ഓപ്പറേഷൻ റാഷ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തുകയും 11745 കേസുകളിലായി 36,93,040/- രൂപ പിഴയടപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധന തുടർന്നും നടത്തിവരുന്നു. |
| (ബി) | റോഡിലൂടെ സഞ്ചരിക്കുന്ന മറ്റ് വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും നിയമ ലംഘനം നടത്തുന്ന വാഹനയാത്രികർ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ നഷ്ടപരിഹാരം മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ഇത്തരം നടപടികൾ കോടതി വ്യവഹാരത്തിലൂടെയാണ് തീർപ്പാക്കാറുള്ളത്. ഒരു റോഡപകടം നടന്നാൽ സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എഫ്.ഐ.ആർ പ്രകാരമുള്ള ക്രൈം കേസിന്മേൽ കോടതി ഉത്തരവുപ്രകാരമാണ് ആക്സിഡന്റിനു കാരണക്കാരായവരെ ശിക്ഷിക്കുന്നതും നഷ്ടപരിഹാരം വിധിക്കുന്നതും. കോടതിവിധിപ്രകാരമുള്ള നഷ്ടപരിഹാരം ഇൻഷ്വറൻസ് ഉള്ള വാഹനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനിയും അല്ലാത്തവയ്ക്ക് കോടതി ഉത്തരവ് പ്രകാരം ഡ്രൈവർ / വാഹന ഉടമയും നൽകേണ്ടതാണ്. |
| (സി) | ഇത്തരം അപകടവും ശബ്ദമലിനീകരണവും ഉണ്ടാക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും കനത്ത പിഴയീടാക്കുന്നതിനും കുറ്റകൃത്യത്തിന്റെ തോതനുസരിച്ചുള്ള വകുപ്പുകൾ ചുമത്തി കേസുകൾ ചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ആവശ്യമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച് വരുന്നു. നിയമവിരുദ്ധമായ ഹോൺ, സൈലൻസറുകൾ ഉപയോഗിച്ച് അമിതശബ്ദം പുറപ്പെടുവിക്കുന്നതും രൂപമാറ്റം വരുത്തിയെടുത്തിട്ടുള്ളതുമായ ഇരു ചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിന് 08/12/2021 മുതൽ 17/12/2021 വരെ 'ഓപ്പറേഷൻ ഡെസിബൽ' എന്ന പേരിൽ പരിശോധന നടത്തുകയും, 4369 കേസുകളിലായി 15,95,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അമിതവേഗതയിലും അനിയന്ത്രിതമായി ശബ്ദം പുറപ്പെടുവിച്ചു കൊണ്ടും ഗതാഗത നിയമങ്ങൾ ലംഘിക്കുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് 'ഓപ്പറേഷൻ സൈലൻസ്" എന്ന പേരിൽ 14/02/2022 മുതൽ 18/02/2022 വരെ പരിശോധന നടത്തുകയും, 2262 വാഹനങ്ങളിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുകയും 12,63,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും റോഡപകടങ്ങളും ട്രാഫിക് നിയമ ലംഘനങ്ങളും കുറയ്ക്കാൻ വേണ്ടി ഇത്തരം പരിശോധനകൾ മോട്ടോർ വാഹന വകുപ്പ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ